## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4681** | **26.10.2016** ൽ മറുപടിക്ക്

### നദീജലത്തിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.രാജഗോപാലൻ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | നദീജലത്തിന്റെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ National Rural Drinking Water Programme-ൽ ഉൾപ്പെടുത്തി കേരളത്തിലെ 44 നദികളിലെ 126 നിർദ്ദിഷ്ട സ്ഥലങ്ങളിലെ ജലസാമ്പിളുകളുടെ ഗുണനിലവാര പരിശോധന കേരള ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നടത്തി വരുന്നുണ്ട്.<br>സംസ്ഥാനത്ത് ജലഗുണനിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിക്കു പ്രത്യേക ക്വാളിറ്റി കൺട്രോൾ വിഭാഗം ഉണ്ട്. ഇതിലേക്കായി 33 സബ്ഡിവിഷൻ ലാബുകളും 14 ജില്ലാ തല ലാബുകളും സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. ജല ശുദ്ധീകരണ ശാലകളോട് അനുബന്ധിച്ചും ലാബുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | തലസ്ഥാനത്തെ അരുവിക്കര ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ജലത്തിന്റെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | അരുവിക്കര ജലസംഭരണിയിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാര പരിശോധന ജല ശുദ്ധീകരണശാലകളോട് ചേർന്ന് പ്രവർത്തിക്കുന്ന ലാബുകളിൽ ദിവസേന നടത്തുന്നുണ്ട്.കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബിൽ എല്ലാ മാസവും സ്രോതസ്സിൽ നിന്നുള്ള ജലം ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. ഈ പരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ